## കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാനുവൽ

## (അനുബന്ധം - എച്ച് 4 )

## നോട്ടീസ്

ശ്രീ.സാഹിൽ.ജെ.ഐ.ക്ലാർക്ക്, പൊതുവിദ്യാഭ്യാസ ഡയരക്ടറുടെ കാര്യാലയം തിരുവനന്തപുരം എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചു കൊണ്ടുള്ള കുറ്റാരോപണങ്ങളുടെ കുറ്റപത്രം, കുറ്റാരോപണ പത്രിക 15/2/2023-ാം തീയതിയിലെ വി.ബി-4/254549/21 നമ്പർ പ്രകാരം 24/02/23 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. കുറ്റപത്രം, കുറ്റാരോപണ പത്രിക വിതരണം ചെയ്യപ്പെടാതെ RTS Address left India എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ വകുപ്പിലേക്ക് മടക്കി. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ പ്രതിവാദപത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം നിങ്ങൾക്കു യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റപത്രം, കുറ്റാരോപണ പത്രിക പൂർണ്ണരൂപം 10 ദിവസങ്ങൾക്കുള്ളിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്.

ശ്രീ:സാഹിൽ.ജെ.എ

വാരുവിള വീട്, അവനവഞ്ചേരി.പി.ഒ

ആറ്റിങ്ങൽ, തിരുവനന്തപുരം.

Signed by
Ranjan Raj R P
Date: 28-06-2024 10:07:26

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം